പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5241 27.06.2019 ൽ മറുപടിയ്ക്ക്

നെല്ല് സംഭരണത്തിന്റെ കയറ്റുകൂലി

ചോദ്യം
ശ്രീ.മുരളി പെരുനെല്ലി

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസ് വകുപ്പിന്റെ നെല്ല് സംഭരണത്തിൽ കയറ്റു കൂലിയിനത്തിൽ നൽകുന്ന ചാർജ് എത്രയാണ്; | (എ) | സപ്ലൈകോ വഴി സംഭരിക്കുന്ന നെല്ല് കർഷകരുടെ പാടശേഖരങ്ങളിൽ നിന്നും മില്ലുകളിൽ എത്തിച്ച് സംസ്കരിച്ച് അരിയാക്കി മാറ്റി തിരികെ നൽകുന്നതുവരെയുള്ള പ്രവൃത്തികൾ ചെയ്യുന്നതിനാണ് മില്ലുടമകളുമായി സപ്ലൈകോ കരാർ വച്ചിരിക്കുന്നത്. നെല്ല് സംഭരിക്കുന്നതിനുള്ള ചാക്കുകൾ കൃഷിക്കാർക്ക് നൽകുക, നെല്ല് സംഭരിച്ച് വാഹനങ്ങളിൽ മില്ലുകളിൽ എത്തിക്കുക, സംസ്കരിച്ച് അരിയാക്കി പുതിയ ചണച്ചാക്കുകളിൽ നിറച്ച് തിരികെ നൽകുക തുടങ്ങിയ ജോലികളാണ് മില്ലുടമകൾ ചെയ്യുന്നത്. ഇതിന് 214 രൂപ/ക്വിൻറൽ പ്രകാരമാണ് മില്ലുടമകൾക്ക് നൽകുന്നത്. പാടശേഖരങ്ങളിൽ നിന്നും നെല്ല് ചാക്കിൽ നിറച്ച് മില്ലുടമകളുടെ വാഹനത്തിൽ കയറ്റിക്കൊടുക്കുന്ന ജോലി കർഷകരാണ് ചെയ്യുന്നത്. അപ്രകാരം ചെയ്യുന്ന വകയിൽ കയറ്റുകൂലി ഇനത്തിൽ 12 രൂപ/ക്വിന്റൽ പ്രകാരം കർഷകർക്ക് മില്ലുടമകൾ നൽകിവരുന്നുണ്ട്. കയറ്റുകൂലി ഇനത്തിൽ യാതൊരു തുകയും സപ്ലൈകോ കർഷകർക്ക് നൽകുന്നില്ല. |
| (ബി) | പ്രസ്തുത നിരക്ക് പ്രാബല്യത്തിൽ വന്നത് എന്നാണ്; | (ബി) | 214 രൂപ/ക്വിൻറൽ നിരക്കിലുള്ള പ്രോസസ്സിംഗ് ചാർജ്ജ് മില്ലുടമകൾക്ക് നൽകി വരുന്നത് 2016-17 സംഭരണ സീസൺ മുതലാണ്. എന്നാൽ നെല്ല് സംഭരണം ആരംഭിച്ച 2005 മുതൽ മില്ലുടമകൾ 12 രൂപ /ക്വിൻറൽ കണക്കിലാണ് കർഷകർക്ക് നൽകിവരുന്നത്. |
| (സി) | ചുമട്ട് തൊഴിലാളികളുടെ കൂലിയിൽ വർദ്ധനവ് വന്ന സാഹചര്യത്തിൽ പ്രസ്തുത തുക അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; | (സി) | ചുമട്ടുതൊഴിലാളികളെ ഉപയോഗിച്ച് സപ്ലൈകോ നെല്ല് കയറ്റുന്നില്ല. പ്രസ്തുത ജോലി ചെയ്യിക്കുന്നത് കർഷകരാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത തുക പുതുക്കി നിശ്ചയിക്കാൻ നടപടി എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | നെല്ല് സംഭരിച്ച് മില്ലുടമകളുടെ വാഹനത്തിൽ കയറ്റിക്കൊടുക്കുന്ന ജോലി ചെയ്യുന്നത് കർഷകരാണ്. കൂലി വർദ്ധിപ്പിച്ചാൽ കർഷകർക്ക് കൂടുതൽ ബാദ്ധ്യത വരുന്ന സാഹചര്യത്തിൽ തുക വർദ്ധിപ്പിച്ച് നൽകുവാൻ സാധിക്കുകയില്ല. കർഷകരുടെ ഉല്പന്നങ്ങൾ കയറ്റിയിറക്കുന്ന ജോലിയിൽ ചുമട്ടുതൊഴിലാളി നിയമം ബാധകമല്ലാത്തതിനാൽ ചുമട്ടുതൊഴിലാളി നിയമം അനുസരിച്ച് കൂലി നിശ്ചയിച്ച് നൽകുന്നതിന് നിയമ തടസ്സം ഉണ്ട്. |

സെക്ഷൻ ഓഫീസർ